**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19</u>** **<u>16-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് പ്രകാരം അധിക റേഷൻ വിഹിതം ലഭ്യമാക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് നടപ്പിലാക്കിയത് കേരളത്തിലെ ജനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>NFSA സംസ്ഥാനത്ത് നടപ്പിലാക്കിയതിനു ശേഷം മുൻഗണനേതരവിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് മുൻപ് വിതരണം നടത്തിയിരുന്ന അളവിൽ റേഷൻ വിഹിതം നൽകുവാൻ സാധിക്കുന്നില്ല. NFSA, 2013 നടപ്പിലാക്കുന്നതിനു മുൻപ് സംസ്ഥാനത്തിനു ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതം പ്രതിവർഷം 15,918,60 മെട്രിക് ടൺ ആയിരുന്നെങ്കിൽ NFSA 2013 നടപ്പിലാക്കിയതിനു ശേഷം 14,25,049 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് പ്രതിവർഷം ലഭ്യമാകുന്നത്. |
| (ബി) | എൻ. എഫ്. എസ്. എ. പ്രകാരം മുൻഗണനാ വിഭാഗങ്ങൾക്ക് നൽകുന്ന റേഷൻ വിഹിതവും മുൻഗണനേതര വിഭാഗക്കാർക്ക് നൽകുന്ന ടൈഡ് ഓവർ വിഹിതവും വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ സർക്കാർ നടത്തിയ ഇടപെടലുകളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>NFSA 2013 സംസ്ഥാനത്തു നടപ്പിലാക്കിയ ശേഷം മുൻഗണനേതര വിഭാഗങ്ങൾക്കു നൽകുന്ന ഭക്ഷ്യധാന്യ വിഹിതം അപര്യാപ്തമാണെന്നും അതിനാൽ മുൻഗണനേതര വിഭാഗങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിച്ചു നൽകണമെന്നും നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ അനുകൂല മറുപടി ലഭിച്ചിട്ടില്ല .10/07/2024-ലെ FCSD-D2/141/2023-FCSD നം. അർദ്ധഔദ്യോഗിക കത്ത് പ്രകാരവും ഇതേ ആവശ്യം ഉന്നയിച്ച് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഓണക്കാലത്ത് പ്രത്യേക പരിഗണന നല്കി മുൻഗണനേതര വിഭാഗക്കാർക്കുകൂടി ന്യായവിലയ്ക്ക് അരി ലഭ്യമാക്കുന്നതിന് ആവശ്യമായ വിഹിതം അനുവദിക്കണമെന്ന് കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രിയെ 2025 ജൂലൈ 1 ന് നേരിൽ കണ്ട് ആവശ്യപ്പെട്ടെങ്കിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സാഹചര്യത്തിലും ഈ ഓണത്തോടനുബന്ധിച്ച് സംസ്ഥാനം അധികവിഹിതം ഭക്ഷ്യധാന്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>2025 വർഷത്തെ ഓണത്തോടനുബന്ധിച്ച് പിങ്ക് (PHH) കാർഡുടമകൾക്ക് 5 Kg അരിയും, നീല (NPS) കാർഡുടമകൾക്ക് 10 Kg അരിയും നോർമൽ വിഹിതത്തിനു പുറമെയും, വെള്ള (NPNS) കാർഡുടമകൾക്ക് 15 Kg അരിയും 10.90 രൂപ നിരക്കിൽ ഓഗസ്റ്റ് മാസത്തിൽ അധിക റേഷൻ വിഹിതമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ